"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സീനിയർ കോ-ഓപ്പറേറ്റിവ് ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി സതി എം.എ. യെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ സെക്ഷൻ 20(4) -ലെ ആനുകൂല്യം നൽകി പ്രസ്തുത ഓഫീസിൽ ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.14/2025/Co-Op തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:- 1. 2016 -ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമം

2. സഹകരണ സംഘം രജിസ്ട്രാറുടെ 06/08/2024, 30/12/2024 എന്നീ തീയതികളിലെ RCS/7784/2024-EA(1)നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിനു കീഴിൽ കെ.എസ്.ആർ. 156 പ്രകാരം പെരുമണ്ണ സർവ്വീസ് സഹകരണ ബാങ്കിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ/സ്പെഷ്യൽ സെയിൽ ഓഫിസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ ശ്രീമതി സതി എം.എ. -ക്ക് 2022 മാർച്ച് 1 ന് പക്ഷാഘാതം ബാധിക്കുകയും തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിലാകുകയും ചെയ്തു. നിലവിൽ കഠിനമായ ശാരീരിക അവശത അനുഭവിക്കുന്നതിനാൽ സീനിയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. 2016 ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ സെക്ഷൻ 20(4) ൽ സർവ്വീസിലിരിക്കെ അംഗവൈകല്യം സംഭവിച്ച് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തസ്തികയിൽ തുടരാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ വകുപ്പിന്റെ കീഴിൽ ചെയ്യാൻ സാധിക്കുന്ന വിധമുള്ള മറ്റൊരു തസ്തികയിലേക്ക് നിലവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെടാത്ത രീതിയിൽ പുനഃക്രമീകരണം നടത്താമെന്നും അല്ലെങ്കിൽ പൂർണ്ണമായും ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണെങ്കിൽ എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് വകുപ്പിന്റെ കീഴിലുള്ള ഓഫീസിൽ

ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി ചെയ്യുവാനുള്ള സാഹചര്യം വരുന്നതു വരെയോ അല്ലെങ്കിൽ വിരമിക്കൽ വരെയോ ക്രമീകരണം നടത്താമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന ഭിന്നശേഷി കമ്മീഷണർ അറിയിച്ചിട്ടുള്ളതായി കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ശ്രീമതി സതി എം.എ.യുടെ നിലവിലെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തിക സൂപ്പർ ന്യൂമററിയായി അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും ആയതിനാൽ 2016 -ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വ്യവസ്ഥകൾ പരിഗണിച്ച് ശ്രീമതി സതി യുടെ അപേക്ഷയിന്മേൽ മേൽ നടപടി സ്വീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സിനിയർ കോ ഓപ്പററ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ടിച്ചു വന്നിരുന്ന ശ്രീമതി സതി എം.എ.യെ, 2016 -ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി ശ്രീമതി സതിയുടെ വിരമിക്കൽ തീയതി മുതൽ പ്രസ്തുത തസ്തിക റദ്ദാകുന്നതാണെന്ന വ്യവസ്ഥയിൽ, പ്രസ്തുത ഓഫീസിൽ ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി സതി എം.എ. , സിനിയർ കോ ഓപ്പററ്റീവ് ഇൻസ്പെക്ടർ, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കോഴിക്കോട്(സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

(സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (*ജനറൽ*), കോഴിക്കോട്

(സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ {(ഓഡിറ്റ്),(എ&ഇ)} കേരള, തിരുവനന്തപുരം

പൊതുഭരണ (എസ് സി) വകുപ്പ്

(20/05/2025-ലെ ഇനം നം. 2966 മന്ത്രി സഭായോഗ തീരമാന പ്രകാരം )

ധനകാര്യ വകുപ്പ് ( അഗ്രി A2/191/2024-ഫിൻ)

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/222/2024/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
സെക്ഷൻ ഓഫീസർ
Date: 23-05-2025 10:55:27

പകർപ്പ്:

ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-05-2025

ഫയൽ നം. എ2/222/2024/സഹ. ഇനം നം: 2966

വിഷയം : സഹകരണ വകുപ്പ് - കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീമതി. സതി എം.എ.-യ്ക്ക് ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യം നൽകി പ്രസ്തുത ഓഫീസിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.

22/05/2025

AS

2966

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/222/2024/സഹ |
| 2 | വകുപ്പ് | : | സഹകരണ (എ) വകുപ്പ് |
| 3 | വിഷയം | : | സഹകരണ വകുപ്പ് - കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സതി എം.എ.-ക്ക് ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി പ്രസ്തുത ഓഫീസിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/04/2025 |
| 5 (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.അജി ഫിലിപ് |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ. വീണ എൻ. മാധവൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/05/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.എൻ. വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/05/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/05/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സതി എം.എ. -യ്ക്ക് തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത തരത്തിൽ അവശത നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ഓഫീസിൽ ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ സൂപ്പർ ന്യൂമററി തസ്തിക ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ്20(4) -ലെ ആനുകൂല്യം നൽകി സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീമതി സതി എം.എ.യെ നിയമിക്കുന്ന കാര്യമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 23.05.2011 ൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി സതി എം. എ. -യുടെ സേവനം 9.08.2015 ൽ റഗുലറൈസ് ചെയ്യുകയും ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ 10.02.2016 പൂർവ്വാഹ്നത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 29.05.2019 ൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്തു. ശ്രീമതി സതി -യുടെ ജനനത്തീയതി 14/3/1972 ഉം വിരമിക്കൽ തീയതി 31/3/2028 ഉം ആണ്.

3. കോഴിക്കോട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ നിയന്ത്രണത്തിൽ കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിനു കീഴിൽ പെരുമണ്ണ സർവ്വീസ് സഹകരണ ബാങ്കിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ/സ്പെഷ്യൽ സെയിൽ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ ശ്രീമതി സതി -യ്ക്ക് 2022 മാർച്ച് 1 ന് പക്ഷാഘാതം ബാധിക്കുകയും ഒരു വശം തളർന്ന് പോകുകയുയം ചെയ്തു. നിലവിൽ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ നിയന്ത്രണത്തിൽ സീനിയർ ഓഡിറ്ററായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി സതി എം.എ. കഠിനമായ ശാരീരിക അവശത അനുഭവിക്കുന്നതിനാൽ സീനിയർ ഇൻസ്പെക്ടർ

തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016 ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20(4) ൽ സർവ്വീസിലിരിക്കെ അവശത സംഭവിച്ച് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തസ്തികയിൽ തുടരാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ വകപ്പിന്റെ കീഴിൽ പ്രസ്തുത ഉദ്യോഗസ്ഥന് ചെയ്യാൻ സാധിക്കുന്ന വിധമുള്ള മറ്റൊരു തസ്തികയിലേക്ക് നിലവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെടാത്ത രീതിയിൽ പുനക്രമീകരണം നടത്താമെന്നും അല്ലെങ്കിൽ പൂർണ്ണമായും ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണെങ്കിൽ എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് വകപ്പിന്റെ കീഴിലുള്ള ഓഫീസിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി ചെയ്യുവാനുള്ള സാഹചര്യം വരുന്നതു വരെയോ അല്ലെങ്കിൽ വിരമിക്കൽ വരെയോ ക്രമീകരണം നടത്താമെന്ന് നിർവ്വചിച്ചിട്ടുണ്ടെന്നും സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 25/7/2024 ലെ OP(RPWD)No 2468/S3/2024/SCPWD നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഇക്കാര്യത്തിൽ സാമൂഹ്യ നീതി വകപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകപ്പിന്റേയും ധന വകപ്പിന്റേയും അഭിപ്രായം തേടിയിരുന്നു. പ്രസ്തുത വകപ്പുകൾ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി-

i. സാമൂഹ്യ നീതി വകപ്പ്

*"സ്ട്രോക്ക് വന്ന് വലതുവശം തളർന്നുപോയ കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി സതി എം.എ. -യെ 2016 -ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20 -ന്റെ ആനുകൂല്യം നൽകി ജോലിഭാരം കുറഞ്ഞ സമാന ശമ്പള സ്കെയിലും സർവ്വീസ് ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റുകയോ അതിനു സാധിച്ചില്ലെങ്കിൽ സെക്ഷൻ 20(4) ന്റെ ആനുകൂല്യം നൽകി അനുയോജ്യമായ തസ്തിക കണ്ടെത്തുന്നത് വരെയോ*

അല്ലെങ്കിൽ ടിയാൾ പെൻഷൻ പറ്റുന്നത് വരേയോ ഏതാണോ ആദ്യം അതുവരെ ടിയാളെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സംരക്ഷിച്ച് നിർത്തേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു"

( ii. ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

"സർവീസിലിരിക്കെ വൈകല്യം സംഭവിച്ച ജീവനക്കാരുടെ സ്ഥാനക്കയറ്റം അനുവദിച്ച് സർവീസിൽ നിലനിറുത്തേണ്ടത് The Rights of persons with disabilities Act 2016, സെക്ഷൻ 20 (4)-ലെ വ്യവസ്ഥ പ്രകാരമാണ്. ആകയാൽ സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പിനു തുടർന്നടപടി സ്വീകരിക്കാവുന്നതാണ്" .

(iii ) ധന വകുപ്പ്

"The Rights of Persons with Disabilities Act 2016 പ്രകാരം സർവീസിലിരിക്കെ തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത തരത്തിൽ അവശത നേരിടുന്ന ഉദ്യോഗസ്ഥനെ ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും നിലനിർത്തി മറ്റേതെങ്കിലും തസ്തികയിൽ നിയമിക്കുകയോ, ഒരു തസ്തികയുടെയും ചുമതല നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ശ്രീമതി സതിയ്ക്ക് പരസഹായമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ സീനിയർ കോ ഓപ്പറേറ്റീവ് ഇൻസ്‌പെക്ടറുടെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാളുടെ ശമ്പളവും അലവൻസുകളും അർഹമായ മറ്റെല്ലാ ആനുകൂല്യങ്ങളും സംരക്ഷിച്ച് സർവീസിൽ നിലനിർത്തേണ്ടതാണ്.

ശ്രീമതി.സതിയ്ക്ക് പരസഹായമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ടിയാളെ സീനിയർ കോ ഓപ്പറേറ്റീവ് ഇൻസ്‌പെക്ടറുടെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കാവുന്നതാണെന്നും അതോടൊപ്പം ഇത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിൽ ടിയാളുടെ വിരമിക്കൽ തീയതി മുതൽ പ്രസ്തുത തസ്തിക റദ്ദാകുന്നതാണെന്ന് പ്രത്യേകം

*നിഷ്കർഷിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".*

5. ചീഫ് സെക്രട്ടറി ഫയലിൽ താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തി-

"സാമൂഹ്യ നീതി, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര, ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ കോഴിക്കോട് സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ നിയന്ത്രണത്തിൽ കോഴിക്കോട് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി സതി എം.എ. - യ്ക്ക് ആരോഗ്യപരമായ കാരണങ്ങളാൽ പ്രസ്തുത ജോലിയിൽ തുടരാൻ കഴിയാത്തതിനാൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച സർവീസിൽ നിലനിർത്തുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണ്".

6. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി സതി എം.എ. -യ്ക്ക് തന്റെ തസ്തികയിലെ കർത്തവ്യം നിർഹിക്കാൻ സാധിക്കാത്ത തരത്തിൽ തീവ്രമായ ശാരീരിക അവശത നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ഓഫീസിൽ ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തിക ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20 (4) പ്രകാരം സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ശ്രീമതി സതി എം.എ. -യെ സർവ്വീസിൽ നിലനിർത്തുന്നതിന് അനുമതി നൽകാമോ ?